**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 145** **25.04.2017-ൽ മറുപടിക്ക്**

| **പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ** | | | |
|---|---|---|---|
| ചോദ്യം<br><br>ശ്രീ. കെ. കുഞ്ഞിരാമൻ | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | അനധികൃത മണൽ കടത്തുമായും വിവിധ കേസ്സുകളും മറ്റുമായും ബന്ധപ്പെട്ട പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എത്ര എണ്ണം കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി അനധികൃതമായി മണൽ കടത്തിയതിനും മറ്റ് വിവിധ കേസ്സുകളിലും ഉൾപ്പെട്ട് 1825 വാഹനങ്ങൾ സൂക്ഷിച്ചുവരുന്നുണ്ട്. |
| (ബി) | ഇത് പോലീസ് സ്റ്റേഷനുകളിലും മറ്റുള്ള സ്ഥലങ്ങളിലും ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ നടപടികൾ പൂർത്തിയാക്കി വാഹനങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. കേസ്സിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഉടമസ്ഥരില്ലാത്തതുമായ 37 വാഹനങ്ങൾ 10.03.2017, 30.03.2017 തീയതികളിലായി ഇ-ലേലം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ